"ഭരണഭാഷ- മാതൃഭാഷ"

**കേരളസർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണവകുപ്പ്-തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 168/2010 നമ്പർ കേസിൽ ഒത്തുതീർപ്പാക്കിയ വിധിക്കടത്തുക അനുവദിക്കുന്നതിന്- ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ)വകുപ്പ്**

സ.ഉ.(സാധാ) നം.1361/2026/LSGD തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:- 1. ജി.ഒ(പി)നം. 32/2019/ധന തീയതി, 18.03.2019

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 28.11.2023 തീയതിയിലെ കെ9-363457/21 നമ്പർ നടപടിക്രമം

3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 28.04.2026 തീയതിയിലെ എ3/3082/2023/ടിഡ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 168/2010 നമ്പർ കേസിൽ 03/02/2026-ൽ നടന്ന മീഡിയേഷനിൽ 20,000/- രൂപ (ഇരുപതിനായിരം രൂപ മാത്രം) അനുവദിക്കാൻ നടപടി കൈക്കൊള്ളാൻ തീരുമാനിച്ചു കൊണ്ട് ഒത്തുതീർപ്പായിട്ടുള്ളതായും ഈ തുക അടിയന്തരമായി അനുവദിക്കണമെന്നു തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം 3 പ്രകാരം അഭ്യർഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവെ നം.770 (എൽ.എ റീ സർവെ നം.770/2)-ൽ ഉൾപ്പെട്ടതും ശ്രീ. എൻ. രവികുമാറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.18 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ.168/2010 നമ്പർ കേസിൽ 03/02/2026-ൽ നടന്ന മീഡിയേഷനിൽ, ഒത്തുതീർപ്പിലെത്തിയ ബാലൻസ് തുകയായ **₹20,000/- (ഇരുപതിനായിരം രൂപ മാത്രം)** ടി കേസിലെ കക്ഷിയായ ശ്രീ. എൻ. രവികുമാറിന് (S/o നാരായണൻ, ടി.സി 37/144, പത്മവിലാസം റോഡ്, തിരുവനന്തപുരം) '4217-60-800-93 Payment of

Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എൻ. രവികുമാർ, S/o നാരായണൻ, ടി.സി 37/144, പത്മവിലാസം റോഡ്, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി, തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ തഹസിൽദാർ, എൽ.എ(ജനറൽ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര-പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/113/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Bindu Chandran R
Date: 27-07-2026
12:05:14

സെക്ഷൻ ഓഫീസർ